## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**24.01.2018 ൽ മറുപടിക്ക്**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 592

## പാറ ഉൽപ്പന്നങ്ങൾ അതിർത്തി കടത്തിക്കൊണ്ടുപോകുന്നതു തടയാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | എ.സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ പാറ ഉൽപ്പന്നങ്ങൾ അതിർത്തി കടത്തി കൊണ്ടു പോകുന്നതു തടയാൻ മൈനിങ് & ജിയോളജി വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വ്യക്തമാക്കുമോ; | (എ) | റോയൽറ്റി ഈടാക്കിയ ശേഷം, ധാതുക്കൾ സംസ്ഥാനത്തുനിന്നും പുറത്തുകൊണ്ടുപോകുന്നതിനോ വിദേശത്തേക്ക് കയറ്റി അയക്കുന്നതിനോ 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങൾ പ്രകാരമോ, 2015 ലെ കേരള മിനറൽസ് (പ്രിവൻഷൻ ഓഫ് ഇല്ലീഗൽ മൈനിംഗ്, സ്റ്റോറേജ് ആൻഡ് ട്രാൻസ്പോർട്ടേഷൻ) ചട്ടങ്ങൾ പ്രകാരമോ നിലവിൽ തടസ്സമില്ല. |
| (ബി) | ജി.എസ്.റ്റി. നടപ്പാക്കിയതോടെ സംസ്ഥാനത്തെ ക്വാറി ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നറിയിക്കുമോ; | (ബി) | നികുതി നിരക്ക് താരതമ്യം നടത്തുമ്പോൾ ജി.എസ്.ടി വന്നതിനുശേഷം നികുതിയിൽ കുറവ് വന്നതായി ആണ് കാണുന്നത്. ഈ സാഹചര്യത്തിൽ ജി.എസ്.ടി മൂലം ക്വാറി ഉൽപ്പന്നങ്ങൾക്ക് വിലവർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ജി.എസ്.റ്റി. നടപ്പാക്കിയതിലൂടെ നിർമ്മാണ മേഖലയിൽ ഉണ്ടായ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ? | (സി) | ജി.എസ്.ടി നിലവിൽ വന്നതോടെ ധാതുക്കളുടെ വില കൂടി നിർമ്മാണമേഖലയിൽ പ്രതിസന്ധി ഉണ്ടായതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**